(3) സ്പ്രേയിംഗ് തൊഴിലാളികൾക്ക് കോംബൻസേഷൻ നൽകി ഇവരെ പിരിച്ചുവിടുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് തൊഴിലാളികളുടെ അഭിപ്രായം ആരായുന്നതിനു കൂടുതൽ സമയം നൽകണമെന്ന യൂണിയൻ നേതാക്കളുടെ ആവശ്യം അംഗീകരിക്കുകയുണ്ടായി.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേര് കൃഷി വികസനം

1277. [1923] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കൃഷി വികസനത്തിന് വേണ്ടി 1985-86-ൽ സർക്കാർ ചെലവാക്കിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ചെലവാക്കിയ തുക എത്ര ?

ഉത്തരം

(എ) സംസ്ഥാനത്ത് 1985-86-ൽ കേര കൃഷി വികസനത്തിന് മൊത്തം 340.410 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) 11.200 ലക്ഷം രൂപ.

തെങ്ങിനെ ബാധിക്കുന്ന മാരക രോഗങ്ങൾക്ക് പ്രതിവിധി

1278. [1924] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിനെ ബാധിക്കുന്ന മാരക രോഗങ്ങൾക്ക് പ്രതിവിധി കണ്ടുപിടിക്കുന്നതിന് ഗവേഷണം തുടങ്ങിയിട്ട് എത്ര കാലമായി എന്നും അതിലേയ്ക്കുവേണ്ടി 30-9-1986 വരെ ചെലവാക്കിയ തുക എത്രയെന്നും വെളിപ്പെടുത്താമോ ;

(ബി) ഗവേഷണഫലം എന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൃഷിവകുപ്പു തെങ്ങുരോഗ നിവാരണത്തിനായി ഗവേഷണം നടത്തുന്നില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം 1981 മുതൽ നടുക്കുന്നു. അതിലേയ്ക്ക് 30-9-1986-വരെ 37.92 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) വ്യാപകമായി കാണുന്ന ഓല ചീയൽ രോഗത്തിന് ഫലപ്രദമായ പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ട്. വേരു ചീയൽ (കാറ്റുവീഴ്ച) രോഗത്തിന് പ്രതിവിധി കണ്ടുപിടിക്കാനുള്ള ഗവേഷണശ്രമം തുടർന്നു കൊണ്ടിരിക്കുകയാണ്. ഓല ചീയൽ രോഗത്തെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ 0.5% വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡോ ആണ്ടിൽ രണ്ടുപ്രാവശ്യം തളിക്കുന്നതുകൊണ്ട് നിയന്ത്രിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. വേര് ചീയൽ (കാറ്റുവീഴ്ച) എന്ന രോഗം ഫൈറ്റോപ്ലാസ്മ പോലുള്ള ഒരു സൂക്ഷ്മാണുവിന്റെ ആക്രമണംമൂലമാണുണ്ടാകുന്നതെന്ന് ഇതുവരെയുള്ള ഗവേഷണത്തിൽനിന്നും അനുമാനിക്കുന്നു. ഈ രോഗം നിയന്ത്രിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഗവേഷണത്തിലിരിക്കുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly